## കിതാബുത്തൗഹീദ് 1

# തൗഹീദ്

അല്ലാഹുﷻ പറഞ്ഞു:

﴿ وَمَا خَلَقۡتُ ٱلۡجِنَّ وَٱلۡإِنسَ إِلَّا لِيَعۡبُدُونِ ﴾

(ജിന്നുകളേയും മനുഷ്യരേയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല) (വി.ക്വു. 51:56)

﴿ وَلَقَدۡ بَعَثۡنَا فِي كُلِّ أُمَّةٖ رَّسُولًا أَنِ ٱعۡبُدُواْ ٱللَّهَ وَٱجۡتَنِبُواْ ٱلطَّٰغُوتَ ﴾

(തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം. (എന്ന് പ്രബോധനം ചെയ്യുന്നതിനുവേണ്ടി.......) (വി.ക്വു. 16:36)

﴿ وَقَضَىٰ رَبُّكَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنًاۚ ﴾

(തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു.... ...) (വി.ക്വു. 17:23,24)

﴿ وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ ﴾

(നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക...) (വി.ക്വു. 4:36)

﴿ قُلۡ تَعَالَوۡاْ أَتۡلُ مَا حَرَّمَ رَبُّكُمۡ عَلَيۡكُمۡۖ أَلَّا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ وَبِٱلۡوَٰلِدَيۡنِ
إِحۡسَٰنٗاۖ وَلَا تَقۡتُلُوٓاْ أَوۡلَٰدَكُم مِّنۡ إِمۡلَٰقٖ نَّحۡنُ نَرۡزُقُكُمۡ وَإِيَّاهُمۡۖ وَلَا تَقۡرَبُواْ
ٱلۡفَوَٰحِشَ مَا ظَهَرَ مِنۡهَا وَمَا بَطَنَۖ وَلَا تَقۡتُلُواْ ٱلنَّفۡسَ ٱلَّتِي حَرَّمَ ٱللَّهُ إِلَّا بِٱلۡحَقِّۚ
ذَٰلِكُمۡ وَصَّىٰكُم بِهِۦ لَعَلَّكُمۡ تَعۡقِلُونَ ١٥١ وَلَا تَقۡرَبُواْ مَالَ ٱلۡيَتِيمِ إِلَّا بِٱلَّتِي هِيَ أَحۡسَنُ
حَتَّىٰ يَبۡلُغَ أَشُدَّهُۥۖ وَأَوۡفُواْ ٱلۡكَيۡلَ وَٱلۡمِيزَانَ بِٱلۡقِسۡطِۖ لَا نُكَلِّفُ نَفۡسًا إِلَّا وُسۡعَهَاۖ

وَإِذَا قُلۡتُمۡ فَٱعۡدِلُواْ وَلَوۡ كَانَ ذَا قُرۡبَىٰۖ وَبِعَهۡدِ ٱللَّهِ أَوۡفُواْۚ ذَٰلِكُمۡ وَصَّىٰكُم بِهِۦ
لَعَلَّكُمۡ تَذَكَّرُونَ ﴿١٥٢﴾ وَأَنَّ هَٰذَا صِرَٰطِي مُسۡتَقِيمٗا فَٱتَّبِعُوهُۖ وَلَا تَتَّبِعُواْ ٱلسُّبُلَ
فَتَفَرَّقَ بِكُمۡ عَن سَبِيلِهِۦۚ ذَٰلِكُمۡ وَصَّىٰكُم بِهِۦ لَعَلَّكُمۡ تَتَّقُونَ ﴾

((നബിയേ,) പറയുക: നിങ്ങൾ വരൂ, നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞുകേൾപ്പിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ചുപോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവാൻവേണ്ടി അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്. ഏറ്റവും ഉത്തമമായ മാർഗ്ഗത്തിലൂടെയല്ലാതെ നിങ്ങൾ അനാഥയുടെ സ്വത്തിനെ സമീപിച്ചുപോകരുത്. അവന് കാര്യപ്രാപ്തി എത്തുന്നതുവരെ (നിങ്ങൾ അവന്റെ രക്ഷാകർതൃത്വം ഏറ്റെടുക്കണം.) നിങ്ങൾ നീതിപൂർവ്വം അളവും തൂക്കവും തികച്ചു കൊടുക്കണം. ഒരാൾക്കും അയാളുടെ കഴിവിലുപരിയായി നാം ബാധ്യത ചുമത്തുന്നതല്ല. നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക. അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാൽ പോലും. അല്ലാഹുവോടുള്ള കരാർ നിങ്ങൾ നിറവേറ്റുക. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുവാൻവേണ്ടി അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപദേശമാണത്. ഇതത്രെ എന്റെ നേരായപാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗ്ഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗ്ഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്.) (വി.ഖു. 6:151,152,153)

ഇബ്നു മസ്ഊദ്ؓ പറഞ്ഞു:

مَنْ أرادَ أنْ ينظرَ إلىَ وصيةِ محمدٍ صلى الله عليه وسلم التي عليهاَ خاتمَهُ فليقرأْ قولَهُ تعالى:﴿ قُلۡ تَعَالَوۡاْ أَتۡلُ مَا حَرَّمَ رَبُّكُمۡ عَلَيۡكُمۡۖ ﴾ — إلى قوله — ﴿ وَأَنَّ هَٰذَا صِرَٰطِي مُسۡتَقِيمٗا فَٱتَّبِعُوهُ....... ﴾ الآية.

‘‘ആരെങ്കിലും നബിﷺയുടെ അവസാന വസ്വിയത്ത് നോക്കി കാണുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ അല്ലാഹുﷻയുടെ ഈ വചനങ്ങൾ (വി.ക്വു. 6: 151,152,153) പാരായണം ചെയ്യട്ടെ.

മുആദ് ഇബ്നു ജബൽ(റ) പറയുന്നു:

كُنْتُ رِدِيفَ النبيِّ ﷺ عَلَى حِمَارٍ فَقَالَ لِي: «يَا مُعَاذُ! أَتَدْرِي مَا حَقُّ اللَّهِ عَلَى الْعِبَادِ وما حقُّ العبادِ عَلَى اللهِ؟» قُلْتُ: اللهُ وَرَسُولُهُ أَعْلَمُ. قَالَ: «حَقُّ اللَّهِ عَلَى الْعِبَادِ أَنْ يَعْبُدُوه وَلاَ يُشْرِكُوا بِهِ شَيْئًا. وَحَقُّ الْعِبَادِ عَلَى اللَّهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا» قُلْتُ: يَا رَسُولَ اللَّهِ! أَفَلاَ أُبَشِّرُ النَّاسَ؟ قَالَ: «لاَ تُبَشِّرْهُمْ. فَيَتَّكِلُوا».

‘‘ഞാനൊരു കഴുതപ്പുറത്ത് നബിﷺയുടെ പിന്നിൽ യാത്ര ചെയ്യുന്നവനായിരുന്നു. അപ്പോൾ തിരുമേനി എന്നോട് ചോദിച്ചു: “മുആദേ, അടിമകളുടെമേലുള്ള അല്ലാഹുവിന്റെ അവകാശം എന്താണെന്നും, അല്ലാഹുവിന്റെമേലുള്ള അടിമകളുടെ അവകാശം ഏതൊക്കെയാണെന്നും താങ്കൾക്കറിയാമോ?” ഞാൻ പറഞ്ഞു: അല്ലാഹുവും അവന്റെ പ്രവാചകനുമാണ് ഏറ്റവും നന്നായി അറിയുന്നവർ. റസൂൽﷺ പറഞ്ഞു: “അടിമകളുടെമേലുള്ള അല്ലാഹുവിന്റെ അവകാശം, അവർ അവനുമാത്രം ആരാധന ചെയ്യണമെന്നും അവനിൽ മറ്റൊന്നിനേയും പങ്ക് ചേർക്കരുതെന്നുമാണ്. അടിമകൾക്ക് അവന്റെ മേലുള്ള അവകാശമാകട്ടെ, അല്ലാഹുവിൽ ഒന്നിനേയും പങ്കുചേർക്കാത്തവരെ അവൻ ശിക്ഷിക്കുകയില്ല എന്നതുമാണ്.” ഞാൻ ചോദിച്ചു: ‘‘അല്ലാഹുവിന്റെ റസൂലേ, ഞാൻ ജനങ്ങളെ ഈ സന്തോഷവാർത്ത അറിയിക്കട്ടെയോ?’’ അപ്പോൾ റസൂൽﷺ പറഞ്ഞു: “വേണ്ട, താങ്കൾ അവരെ ഈ സന്തോഷവാർത്ത അറിയിക്കേണ്ടതില്ല, അപ്പോൾ അവർ അതിൽ അഭയം കണ്ടെത്തി (കർമ്മങ്ങൾ ചെയ്യാത്തവരാകും)” (ബുഖാരി, മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- മനുഷ്യരും ജിന്നുകളും സൃഷ്ടിക്കപ്പെട്ടതിലെ ഹിക്മത്ത്.
- നിശ്ചയം ആരാധനയാണ് തൗഹീദ്. കാരണം, തർക്കവിതർക്കം അതിലാണ്.

- തൗഹീദില്ലാത്തവർ അല്ലാഹുവിനെ ആരാധിക്കുന്നില്ല. പ്രസ്തുത വിഷയത്തെയാണ്, (ഞാൻ ആരാധിക്കുന്ന (അല്ലാഹുവിനെ) നിങ്ങൾ ആരാധിക്കുന്നവർ അല്ല......) (വി.ഖു.109:3,5) എന്നീ വചനങ്ങൾ ഉൾക്കൊള്ളുന്നത്.
- മുർസലുകളെ നിയോഗിച്ചതിലെ ഹിക്മത്.
- രിസാലത്ത് എല്ലാ സമൂഹങ്ങൾക്കും ഉണ്ടായിട്ടുണ്ട്.
- പ്രവാചകന്മാരുടെ ദീൻ ഒന്നായിരുന്നു.
- അല്ലാഹുﷻക്കുള്ള ഇബാദത്ത് ത്വാഗൂത്തിനെ അവിശ്വസിക്കൽ കൊണ്ടല്ലാതെ സാദ്ധ്യമല്ല. ആ അർത്ഥത്തിലാണ് (.. ......ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ ..........) (വി.ഖു. 2: 256) എന്ന വചനം.
- അല്ലാഹുﷻ അല്ലാതെ ആരാധിക്കപ്പെടുന്നതിനെല്ലാം 'ത്വാഗൂത്' എന്ന് പൊതുവിൽ പറയാം.
- പൂർവ്വികരുടെ അടുക്കൽ സൂറത്ത് അൻആമിലെ 151 മുതൽ 153 വരെ ആയത്തുകൾക്കുള്ള വലിയകാര്യം, അവയിൽ പത്ത് മസ്അലകൾ ഉണ്ട്. അതിൽ ഒന്നാമത്തേത് ശിർക്കിനെ വിരോധിക്കലാണ്.
- സൂറത്ത് ഇസ്റാഇലെ ആയത്തുകൾ. അവയിൽ 18 മസ്അലകൾ ഉണ്ട്. അല്ലാഹുﷻ അവ തുടങ്ങുന്നത്: (അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തേയും നീ സ്ഥാപിക്കരുത്. എങ്കിൽ അപമാനിതനും കയ്യൊഴിക്കപ്പെട്ടവനുമായി നീ ഇരിക്കേണ്ടി വരും.) (വി. ഖു.17:22) എന്ന വചനം കൊണ്ടും, അവ അവ സാനിപ്പിക്കുന്നത് (...........അല്ലാഹുവോടൊപ്പം മറ്റൊരു ദൈവ ത്തേയും നീ സ്ഥാപിക്കരുത്. എങ്കിൽ ആക്ഷേപിക്കപ്പെട്ടവനും പുറംതള്ളപ്പെട്ടവനുമായി നീ നരകത്തിൽ എറിയപ്പെടുന്നതാണ്.) (വി. ഖു. 17:39) എന്ന വചനം കൊണ്ടുമാണ്. ഈ വിഷയങ്ങൾ ക്കുള്ള പ്രാധാന്യം നമ്മെ ഉണർത്തിക്കൊണ്ട് അല്ലാഹുﷻ പറഞ്ഞു: (നിന്റെ രക്ഷിതാവ് നിനക്ക് ബോധനം നൽകിയ ജ്ഞാനത്തിൽപ്പെട്ടതത്രെ അത്.............) (വി. ഖു. 17: 39)
- പത്ത് അവകാശങ്ങളുടെ ആയത്തെന്ന് പേരുവെക്കപ്പെട്ട സൂറത്ത് നിസാഇലെ ആയത്തുകൾ. അവ അല്ലാഹുﷻ ആരംഭിച്ചതും (നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അല്ലാഹുവിനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക.........) (വി. ഖു. 4: 39) എന്ന വചനം കൊണ്ടാണ്.
- മരണ സന്ദർഭത്തിൽ പ്രവാചകൻﷺയുടെ വസ്വിയത്ത്.

- നമ്മുടെമേൽ അല്ലാഹുﷻയുടെ അവകാശം നമ്മൾ അറിയൽ.
- അല്ലാഹുﷻക്കുള്ള അവകാശങ്ങൾ അടിയാറുകൾ നിർവ്വഹിച്ചാൽ, അടിയാറുകൾക്ക് അവനിൽ നിന്നുള്ള അവകാശം.
- (മുമ്പ് പറയപ്പെട്ട) ഈ വിഷയം അധിക സ്വഹാബികൾക്കും അറിയില്ലായിരുന്നു.
- 'മസ്വലഹത്തി'നുവേണ്ടി അറിവ് മറച്ചുവെക്കാം.
- മുസ്‌ലിമിന് സന്തോഷകരമായതുകൊണ്ട് അവരെ സുവിശേഷമറിയിക്കുന്നതിന്റെ അഭികാമ്യത.
- അല്ലാഹുﷻയുടെ കാരുണ്യവിശാലതയിൽ അവലംബിക്കുന്നതിനെകുറിച്ചുള്ള ഭയം.
- ചോദിക്കപ്പെടുന്നവൻ താൻ അറിയാത്തതിനെക്കുറിച്ച്, 'അല്ലാഹു വ റസൂലുഹു അഅ്ലം' എന്ന് പറയൽ.
- ജനങ്ങളിൽ ചിലരെ, ചിലരേക്കാൾ 'ഇൽമ്' കൊണ്ട് പ്രത്യേകമാക്കൽ അനുവദനീയമാണ്.
- പ്രവാചകൻﷺയുടെ വിനയം; അദ്ദേഹം കഴുതപ്പുറത്ത് സഞ്ചരിക്കുകയും, തന്റെ പിന്നിൽ ആളുകളെ ഇരുത്തുകയും ചെയ്തു.
- മൃഗത്തിന്റെ പുറത്ത് സഞ്ചരിക്കുമ്പോൾ പിന്നിൽ ആളുകളെ കയറ്റി സഞ്ചരിക്കൽ അനുവദനീയമാണ്.
- മുആദ് ഇബ്നു ജബൽؓവിന്റെ ശ്രേഷ്ഠത.
- ഈ വിഷയത്തിന്റെ കാര്യഗൗരവം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**